**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3266

11.05.2017 ൽ മറുപടിക്ക്

**മെഗാ ഫുഡ് പാർക്ക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | അരൂർ മണ്ഡലത്തിലെ ചേന്നം, പള്ളിപ്പുറം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുന്ന മെഗാ ഫുഡ് പാർക്ക് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | (എ) | മെഗാ ഫുഡ് പാർക്ക് 2018 ജൂൺ മാസത്തിനുള്ളിൽ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പാർക്കിന്റെ നിർമ്മാണത്തിനായി കേന്ദ്രവ്യവസായ / വാണിജ്യ മന്ത്രാലയത്തിൽ നിന്നും അനുവദിച്ച തുക എത്ര ; ആയതിൽ ചെലവായത് എത്ര; വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത പാർക്കിനായി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും 50 കോടി രൂപ ഗ്രാന്റ് അനുവദിച്ചതിൽ 15 കോടി രൂപ ലഭിക്കുകയും ടി തുകയിൽനിന്നും 7.44 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ ഈ മെഗാ ഫുഡ് പാർക്കിനായി എത്ര തുകയാണ് മുടക്കുന്നത്; അറിയിക്കാമോ; | (സി) | പ്രസ്തുത പാർക്കിനായി സംസ്ഥാന സർക്കാർ 69.15 കോടി രൂപ മുടക്കുന്നതാണ്. |
| (ഡി) | എന്തെല്ലാം സൗകര്യങ്ങളാണ് പാർക്കിൽ ഒരുക്കുന്നത്; പൊതു ഇ.റ്റി.പി യും, എസ്.റ്റി.പി - യും ഇവിടെ നിർമ്മിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ; | (ഡി) | അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഡ്രെയിനേജ് സംവിധാനം, വൈദ്യുതി, വെള്ളം എന്നിവയും ഭക്ഷ്യസംസ്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഫാക്ടറി ഷെഡ്, കോൾഡ് സ്റ്റോറേജ്, ഫ്രീസർ, ക്വാളിറ്റി ലാബ്, ഇ റ്റി പി എന്നിവ പ്രസ്തുത പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>പൊതു ഇ റ്റി പി യും, എസ് റ്റി പി യും പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇ റ്റി പി യുടെ നിർമ്മാണത്തിനായി രണ്ടു പ്രാവശ്യം ടെൻഡർ വിളിക്കുകയും യോഗ്യതയുള്ള കരാറുകാരുടെ |

| | | | |
|---|---|---|---|
| | | | അഭാവം മൂലം ടെൻഡർ റദ്ദാക്കേണ്ടി വരുകയുമാണുണ്ടായത്. പ്രസ്തുത ഇ റ്റി പി ക്കായി അനുയോജ്യമായ മാറ്റങ്ങൾ വരുത്തി മൂന്നാമതായി ടെൻഡർ 2017 മെയ് മാസം വിളിക്കുന്നതാണ്. |
| (ഇ) | അവിടെ എത്ര സ്ഥലം എത്ര പേർക്ക് ഇതിനോടകം നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയെന്നും വ്യക്തമാക്കുമോ; | (ഇ) | 19 യൂണിറ്റുകൾക്കായി 32.76 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. വ്യവസായസംരംഭകരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1) Yentrans Logistics Pvt. Ltd.<br>2) Premier Innovative Foods, Sea food processing<br>3) Aqua Sea foods<br>4) Sait sea Foods<br>5) Premier Marine foods<br>6) Friends Marine Industries<br>7) Keshodwala Foods<br>8) GMG Exports<br>9)Monto Marine Pvt.Ltd.<br>10) Ghan Marine Exim<br>11) Busthan Al-Wathaniya<br>12) Profand Vayalat Pvt. Ltd.<br>13) Cresent Flexy Pack<br>14) Nas Food Exim<br>15) Mira Marine Foods<br>16) Kay Kay Sea Food India Pvt. Ltd.<br>17) Anna Fabha Exim<br>18) Grand Marine Exim<br>19) Grand Poly Pack. |
| (എഫ്) | ഇനിയും സ്ഥലം വ്യവസായികൾക്ക് നല്കാനുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമം വ്യക്ത മാക്കുമോ ? | (എഫ്) | അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയായ ശേഷം ഏകദേശം 12 ഏക്കറോളം സ്ഥലം പ്രസ്തുത പാർക്കിൽനിന്നും നൽകാൻ സാധിക്കും. ആയതിനുള്ള നടപടിക്രമങ്ങൾ കെ എസ് ഐ ഡി സി മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ